**ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ**
**(ഹാജർ : .പി.കെ.സുധീർബാബു, ഐ.എ.എസ്)**

**സംഗ്രഹം**

ഹയർ സെക്കന്ററി വിദ്യാഭ്യസ വകുപ്പ് - ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2018-19 വർഷത്തെ പൊതുസ്ഥലം മാറ്റം - അന്തിമ സ്ഥലം മാറ്റ ലിസ്റ്റ് പ്രസിദ്ധീകരിച്ച് - ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ. എ.ഡി.സി6/105059/18/എച്ച്.എസ്.ഇ** **തീയതി: 25/10/2018**

**പരാമർശം:**
1) 03/04/2017 ലെ സ.ഉ.(പി)6/2017/പൊ.വി.വ. നമ്പർ ഉത്തരവ്
2) 09/02/2018 ലെ സ.ഉ.(പി)1/2018/പൊ.വി.വ. നമ്പർ ഉത്തരവ്
3) 09/03/2018 തീയതിയിലെ ഈ ഓഫീസ് സർക്കുലർ നമ്പർ എഡി.സി6/105059/ എച്ച്.എസ്.ഇ./2018
4) 18/06/2018 ലെ ഒ.എ. നമ്പർ 905,914,918,922,925,929,930,932,954 & 990/18 ൻ മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തിരുവനന്തപുരം പുറപ്പെടുവിച്ച ഉത്തരവ്
5) ഒ.പി. (KAT) നമ്പർ 270/2018 ൻ മേൽ ബഹു.ഹൈക്കോടതിയുടെ 20/08/2018 ലെ ഉത്തരവ്
6) 04/06/2018 ലെ ഈ ഓഫീസിലെ എഡി.സി6/105059/18/എച്ച്.എസ്.ഇ./ നമ്പർ സർക്കുലർ
7) 03/10/2018 ലെ സ.ഉ.(പി)138/2018/പൊ.വി.വ. നമ്പർ ഉത്തരവ്
8) 12/10/18 ലെ ഈ ഓഫീസിലെ എഡി.സി6/105059/2018/എച്ച്.എസ്.ഇ. നമ്പർ സർക്കുലർ
9) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തിരുവനന്തപുരം, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എറണാകുളം എന്നിവിടങ്ങളിൽ ഫയൽ ചെയ്യപ്പെട്ട 1995/18, ഒ.എ.(EKM)1966/18, ഒ.എ.(EKM)1967/18, ഒ.എ.(EKM)1953/2018, ഒ.എ.1964/2018, ഒ.എ.2018/18, ഒ.എ.2028/18 ഒ.എ.2222/17, ഒ.എ.2235/17, ഒ.എ.2236/17, ഒ.എ.2237/17, ഒ.എ. 2008/18 ഒ.എ.1986/18, ഒ.എ.4425/18, ഒ.എ.4427/18, ഒ.എ.(EKM)1969/18, ഒ.എ.(EKM)1942/18, ഒ.എ.2009/18, ഒ.എ.2003/18, ഒ.എ.1948/18, ഒ.എ.2004/18, ഒ.എ.(EKM) 1185/18, ഒ.എ.(EKM)1199/18, ഒ.എ.(EKM)1195/18, ഒ.എ.(EKM)1973/18, ഒ.എ.2020/18, ഒ.എ.1959/18, ഒ.എ.1960/18, ഒ.എ.1987/18, ഒ.എ.1032/18 ഒ.എ.1999/18 ഒ.എ.2027/18, ഒ.എ.1983/2018, ഒ.എ.2010/2018, ഒ.എ.1991/2018, ഒ.എ.1976/2018, 1999/2018, ഒ.എ.(EKM) Nos.1176, 1185, 1193, 1196, 1197, 1200 & 1224 of 2018

## ഉത്തരവ്

സംസ്ഥാന ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് സൂചന (2) പ്രകാരം ഭേദഗതി ചെയ്തിരുന്നു. ഇതനുസരിച്ച് 31/08/2018 ൽ 3 വർഷം ഹയർ സെക്കന്ററി സർവ്വീസ് പൂർത്തിയാക്കുന്ന അദ്ധ്യാപകരിൽ നിന്നും സൂചന (3) പ്രകാരം 2018-19 വർഷത്തെ പൊതുസ്ഥലം മാറ്റത്തിനായി ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിച്ചിരുന്നു. ആയതു പ്രകാരം ലഭിച്ച അപേക്ഷയിൻമേലുള്ള കരട് സ്ഥലം

മാറ്റപട്ടിക 04/06/2018 ൽ സൂചന (6) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത കരട് ലിസ്റ്റ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തിരുവനന്തപുരം 18/06/2018 ലെ ഉത്തരവ് പ്രകാരം സ്റ്റേ ചെയ്യുകയും കമ്പാഷണേറ്റ്/പ്രയോറിറ്റി സ്ഥലം മാറ്റങ്ങൾ ജില്ലാതലത്തിൽ ഉള്ള ഒഴിവുകളുടെ യഥാക്രമം 10%, 20%, അധികരിക്കാത്തവിധത്തിൽ നടത്തണമെന്നും ഇതു സംബന്ധമായി ഫയൽ ചെയ്യപ്പെട്ട പരാതികളിലെ ഹർജിക്കാരെ സർക്കാർ നേരിൽ കേട്ട് തീരുമാനമെടുത്ത് ഹയർ സെക്കന്ററി ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിനും ആയത് പ്രകാരമുള്ള സ്ഥലംമാറ്റം 20/08/2018 നകം നടത്തുന്നതിനും സൂചന (4) പ്രകാരം ബഹു.കോടതി ഉത്തരവ് ആയിരുന്നു. സംസ്ഥാന തലത്തിൽ നടക്കുന്ന സ്ഥലംമാറ്റ നടപടികളിൽ ജില്ലാതലത്തിൽ ഒഴിവുകൾ കണക്കാക്കുന്നത് പൊതുമാനദണ്ഡങ്ങൾക്ക് അനുസൃതമാകുമോ എന്ന കാര്യത്തിൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും ഹൈക്കോടതി ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അംഗീകരിച്ച്കൊണ്ട് സൂചന (5) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും അതുപ്രകാരം പൊതുസ്ഥലം മാറ്റം 25/10/2018 തീയതിക്കുള്ളിൽ പൂർത്തിയാക്കണമെന്ന് ഉത്തരവാകുകയും ചെയ്തു. സർക്കാർ അപേക്ഷകരെ നേരിൽ കേൾക്കുകയും അനുകമ്പാർഹ/മുൻഗണനാ സ്ഥലംമാറ്റം നടത്തുന്നതിന് ഒരു ജില്ലയിൽ ഒരു വിഷയത്തിൽ സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം ഉണ്ടാകുന്ന എല്ലാ ഒഴിവുകളും ഒരു യുണിറ്റായി കണക്കാക്കി അനുകമ്പാർഹ/മുൻഗണനാ ട്രാൻസ്ഫർ നടത്തേണ്ടതാണെന്ന് സൂചന (7) പ്രകാരം സർക്കാർ ഉത്തരവാകുകയും ആയതുപ്രകാരം സ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കാൻ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രൊവിഷണൽ ട്രാൻസ്ഫർ ലിസ്റ്റ് സൂചന (8) പ്രകാരം 12/10/2018 ൽ പ്രസിദ്ധീകരിച്ചിരുന്നു. ലിസ്റ്റിനെ സംബന്ധിച്ച് പരാതി/ആക്ഷേപങ്ങൾ ഇ-മെയിൽ മുഖേന സമർപ്പിക്കുന്നതിന് 22/10/2018 വൈകിട്ട് 5 മണി വരെ സമയം അനുവദിച്ചിരുന്നു. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമർപ്പിക്കപ്പെട്ട എല്ലാ പരാതികളും ആക്ഷേപങ്ങളും വിശദമായി പരിശോധിക്കുകയും മാനദണ്ഡപ്രകാരം അർഹമാണെന്നു കണ്ടെത്തിയ അപാകതകൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

ഒരു ജില്ലയിൽ 8 വർഷത്തിൽ കൂടുതൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകരെ മുൻഗണനാ വിഭാഗത്തിൽ കരട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് ഒരിക്കൽ കൂടി മുൻഗണനയ്ക്ക് അർഹതയില്ലെന്ന് ബോധ്യപ്പെട്ടതിനാൽ ഇവരെ അന്തിമ ലിസ്റ്റിൽ നിന്ന്

ഒഴിവാക്കിയിട്ടുണ്ട്. അദ്ധ്യാപകർ സമർപ്പിച്ച ഓൺലൈൻ അപേക്ഷയിൽ അവകാശപ്പെട്ട മുൻഗണനകൾ പ്രിൻസിപ്പൽമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് നൽകിയിട്ടുള്ളത്. ഏതെങ്കിലും അദ്ധ്യാപകർ തെറ്റായ വിവരങ്ങൾ നൽകി മുൻഗണന ആവശ്യപ്പെട്ട് അനർഹമായി സ്ഥലംമാറ്റം നേടിയിട്ടുള്ളതായി പിന്നീട് ശ്രദ്ധയിൽപ്പെടുന്നപക്ഷം പ്രസ്തുത സ്ഥലംമാറ്റം റദ്ദുചെയ്യുന്നതും തെറ്റായ വിവരങ്ങൾ സമർപ്പിച്ച അദ്ധ്യാപകർക്കും ആയത് ശുപാർശ ചെയ്ത പ്രിൻസിപ്പലിനും എതിരെ കർശന അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

60% ൽ കൂടുതൽ അംഗപരിമിതരായ അദ്ധ്യാപകരെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ.ഉ.(എം.എസ്)നം.18/2017/ഉഭപവ തീയതി 29/08/2017 പ്രകാരം അവരുടെ നിലവിലെ സ്കൂളിൽ തന്നെ നിലനിർത്തുകയോ ടിയാളുകളുടെ ഓപ്ഷനുകളിലേക്ക് സ്ഥലം മാറ്റം നൽകുകയോ ചെയ്തിട്ടുണ്ട്. റിട്ടയർമെന്റിന് ഒന്ന്/രണ്ട് വർഷം മാത്രം ബാക്കി നിൽക്കുന്ന അദ്ധ്യാപകർക്ക് അവർ ജോലി ചെയ്തുവരുന്ന സ്കൂളിൽ നിലനിർത്തുകയോ സ്ഥലം മാറ്റം നൽകുകയോ ചെയ്തിട്ടുണ്ട്. മെറ്റേണിറ്റി ലീവിൽ പ്രവേശിച്ച അദ്ധ്യാപകരെ ടിയാളുകളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ (സ.ഉ.(പി) നമ്പർ 3/2017/ഉഭപവ തീയതി 25/02/2017) അവരുടെ നിലവിലെ സ്കൂളിൽ നിലനിർത്തിയിട്ടുണ്ട്. ബാച്ച് ഷിഫ്റ്റ് ചെയ്തത് മുഖേന excess ആയ അദ്ധ്യാപകരെ 01/06/2016 ലെ പൊതുസ്ഥലം മാറ്റത്തിൽ ടി സ്കൂളിൽ നിയമനം ലഭിച്ചവരാണെങ്കിൽ ടി അദ്ധ്യാപകരുടെ അപേക്ഷ പരിഗണിച്ച് അവരുടെ നിലവിലെ സ്കൂളിൽ നിലനിർത്തിയിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് സ്പഷ്ടീകരണത്തിനായി സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്ന് സ്പഷ്ടീകരണം ലഭിക്കുന്ന മുറയ്ക്ക് ടിയാളുകളുടെ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ചില അദ്ധ്യാപകർ വർഷങ്ങളായി മാതൃ ജില്ലയിൽ തന്നെ തുടർന്ന് തങ്ങളുടെ മാതൃ ജില്ലയിലെ സൗകര്യം enjoy ചെയ്യുകയും 2016 ലെ പൊതുസ്ഥലംമാറ്റത്തിലോ ആയതിനുശേഷമോ outstation service ലഭിക്കുന്നതിനുവേണ്ടി മാതൃ ജില്ല മറ്റൊരു മാതൃ ജില്ലയാക്കി മാറ്റുകയും ചെയ്തതായി നിരവധി പരാതികൾ ലഭിച്ചിരുന്നു. ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മാതൃ ജില്ല change ചെയ്തവർക്ക് അവരുടെ മുൻ മാതൃ ജില്ലയിൽ ജോലി ചെയ്തിരുന്ന കാലയളവ് സ്ഥലംമാറ്റത്തിൽ outstation service ആയി പരിഗണിച്ചിട്ടില്ല.

ബഹു.കോടതിയുടെ ഉത്തരവുകൾ/സർക്കാർ ഉത്തരവുകൾ/സൂചന (9) ലെ കേസുകളിലെ ഇടക്കാല ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് ഗവൺമെന്റ് ഹയർ

സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2018-19 ലെ പൊതുസ്ഥലംമാറ്റം ഈ ഓഫീസ് ഉത്തരവ് തീയതിയായ 25/10/2018 പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവാകുന്നു.

ബന്ധപ്പെട്ട അദ്ധ്യാപകർ സ്ഥലംമാറ്റ ഉത്തരവ് site ൽ നിന്നും download ചെയ്ത് സ്ഥലംമാറ്റം ലഭിച്ച സ്കൂളുകളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരെ വിടുതൽ ചെയ്യേണ്ടതും ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ആയത് dhse transfer ൽ normal status ൽ രേഖപ്പെടുത്തേണ്ടതുമാണ്.

സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർക്ക് KSR Part-I Ch.X Rule 127 പ്രകാരമുള്ള ജോയിനിംഗ് ടൈം അനുവദനീയമാണ്.

**പി.കെ.സുധീർബാബു,ഐ.എ.എസ്**
**ഡയറക്ടർ**
ഹയർ സെക്കന്ററി എഡ്യുക്കേഷൻ

പകർപ്പ്
1) ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
2) ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്ക്
3) അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
4) ബന്ധപ്പെട്ട DTO/STO
   അഡ്വക്കേറ്റ് ജനറൽ, ഹൈക്കോടതി, എറണാകുളം (with C/L)
5) അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം (with C/L)
6) അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം (with C/L)
7) സെക്രട്ടറി ടു ഗവൺമെന്റ്, ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് (with C/L)
8) ബന്ധപ്പെട്ട ആർ.ഡി.ഡി
9) കരുതൽ ഫയൽ/അധികം